©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്ക സമുദായക്ഷേമ സമിതി
# (2011-2014)

## മൂന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്ന വിവിധ തസ്തികകളിലെ
യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിയതുമൂലം പിന്നോക്കക്കാർ
ഉൾപ്പെടെയുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്ക സമുദായക്ഷേമ സമിതി (2011-2014)

## മൂന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്ന വിവിധ തസ്തികകളിലെ യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിയതുമൂലം പിന്നോക്കക്കാർ ഉൾപ്പെടെയുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്)

613/2013.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12 |

# പിന്നോക്ക സമുദായക്ഷേമ സമിതി (2011-2014)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ, എം. എൽ. എ.

ശ്രീ. വി. റ്റി. ബൽറാം, എം. എൽ. എ.

ശ്രീ. പി. കെ. ബഷീർ, എം. എൽ. എ.

ശ്രീ. എ. റ്റി. ജോർജ്, എം. എൽ. എ.

ശ്രീമതി ജമീലാ പ്രകാശം, എം. എൽ. എ.

ശ്രീ. സി. കൃഷ്ണൻ, എം. എൽ. എ.

ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.

ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

## മുഖവുര

കേരളത്തിലെ പിന്നോക്ക സമുദായങ്ങളുടെ ക്ഷേമം മുൻനിർത്തി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 261ഇ പ്രകാരം 4-2-1993-ന് കേരള നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമ സമിതി രൂപീകൃതമായി പ്രവർത്തിച്ചുവരുന്നു.

പിന്നോക്ക സമുദായങ്ങളുടെ സർവ്വതോമുഖമായ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചു വരുന്ന സമിതി, പിന്നോക്ക സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായുള്ള പുരോഗതി, കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും അത് സംബന്ധിച്ച് പഠനം നടത്തുകയും, അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നല്കുകയും ചെയ്യുന്നു. പിന്നോക്ക സമുദായ ങ്ങളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്ന തിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള ക്രിയാത്മകമായ നടപടികൾ സമിതിയുടെ നിർദ്ദേശപ്രകാരം സ്വീകരിച്ചിട്ടുണ്ട്.

പി.എസ്.സി. മുഖാന്തിരം നിയമനം നടത്തിവരുന്ന വിവിധ തസ്തികകളിലെ യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പിന്നോക്ക സമുദായങ്ങൾ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സമിതി ഈ വിഷയം സംബന്ധിച്ച് വിവിധ ജില്ലകൾ സന്ദർശിച്ച് പഠനം നടത്തുകയും, ഉദ്യോഗാർത്ഥികളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും ശിപാർശകളും ഉൾക്കൊള്ളിച്ചതാണ് ഈ റിപ്പോർട്ട്.

പതിമൂന്നാം കേരള നിയമസഭയുടെ ഭാഗമായി 2011-ൽ നിലവിൽവന്ന പിന്നോക്ക സമുദായക്ഷേമ സമിതി (2011-14)-യുടെ മൂന്നാമത് റിപ്പോർട്ടാണ് ഇത്. 3-4-2013 തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ച ഈ റിപ്പോർട്ട് പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സി. മമ്മൂട്ടി,
*ചെയർമാൻ,*
*പിന്നോക്കസമുദായക്ഷേമ സമിതി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 10.

# റിപ്പോർട്ട്

പിന്നോക്ക സമുദായക്ഷേമ സമിതി രൂപീകൃതമായതുമുതൽ സർക്കാർ അർദ്ധസർക്കാർ മേഖലകളിലെ പ്രധാന നിയമന ഏജൻസിയായ പി.എസ്.സി.-യുടെ നിയമനങ്ങളെ സംബന്ധിച്ച് പഠനം നടത്തുകയും സംവരണ സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും പ്രാതിനിധ്യക്കുറവ് ഉണ്ടാകാതിരിക്കാൻ നിയമാനുസൃതമായി സംവരണം നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ജനസംഖ്യാനുപാതികമായി സർക്കാർ സർവ്വീസിൽ പ്രാതിനിധ്യം ലഭിക്കാനുതകുന്ന രീതിയിൽ സംവരണ വ്യവസ്ഥകൾ ഫലപ്രദമായ രീതിയിൽ പ്രാവർത്തികമാക്കാനുള്ള സമിതിയുടെ ശ്രമം ഇന്നും ഒരുവനരോദനമായിത്തന്നെ അവശേഷിക്കുന്നു.

ഈ സാഹചര്യത്തിലാണ് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തിവരുന്ന വിവിധ തസ്തികകളിലെ യോഗ്യതാ മാനദണ്ഡങ്ങൾ ഉയർത്തിക്കൊണ്ടുള്ള 1-7-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 21/11/പി.&എ.ആർ.ഡി. സർക്കാർ ഉത്തരവും (അനുബന്ധമായി ചേർത്തിട്ടുണ്ട്) തുടർന്നുള്ള സർക്കാർ ഉത്തരവുകളും, ഒട്ടേറെ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടമാക്കുമെന്നുള്ള ആശങ്ക സമിതിയുടെ ശ്രദ്ധയിൽപ്പെട്ടത്. പ്രസ്തുത സർക്കാർ ഉത്തരവ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികളെ എപ്രകാരം ബാധിക്കുന്നു എന്നത് സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന് സമിതി തീരുമാനിക്കുകയും ആയതിലേക്കായി സമിതി കേരളത്തിലെ വിവിധ ജില്ലകൾ സന്ദർശിക്കുകയും വ്യക്തികളിൽനിന്നും 'മെക്ക' മലപ്പുറം ജില്ലാക്കമ്മിറ്റി, ശ്രീരാമവിലാസം ചവളർ സൊസൈറ്റി സംസ്ഥാന കമ്മിറ്റി, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, തൃശ്ശൂർ ജില്ലാക്കമ്മിറ്റി, ഫെഡറേഷൻ ഓഫ് മുസ്ലീം കോളേജസ്, കോഴിക്കോട്, തിരുനെല്ലൂർ എസ്.എൻ.ഡി.പി. ശാഖാ യോഗം, വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി സംസ്ഥാന കമ്മിറ്റി, എം.ഇ.എസ്. സംസ്ഥാന കമ്മിറ്റി, മുസ്ലീം യൂത്ത് ലീഗ് മലപ്പുറം ഡിസ്ട്രിക്റ്റ് കമ്മിറ്റി, സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ കാസർഗോഡ് ജില്ലാ കമ്മിറ്റി, കേരള പത്മശാലീയ സംഘം കോഴിക്കോട് ജില്ലാക്കമ്മിറ്റി തുടങ്ങി നിരവധി സംഘടനാ പ്രതിനിധികളിൽ നിന്നും നിവേദനങ്ങൾ ലഭിക്കുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും ചെയ്തു.

ഹയർ സെക്കൻഡറി പഠനത്തിനാവശ്യമായ അടിസ്ഥാനസൗകര്യം ഉറപ്പുവരുത്താതെ യോഗ്യത ഉയർത്തിയത് പ്രായോഗികമല്ലെന്നും യാതൊരു പഠനത്തിന്റെയും പിൻബലമില്ലാതെ സംസ്ഥാനത്ത് വിദ്യാഭ്യാസ നിലവാരം ഉയർന്നുവെന്ന മുൻവിധിയുടെ അടിസ്ഥാനത്തിൽ യോഗ്യതാമാനദണ്ഡങ്ങളിൽ മാറ്റംവരുത്തിയരീതി പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ അവസരം നഷ്ടപ്പെടുത്തുന്നതാണെന്നും, പിന്നോക്കസമുദായങ്ങൾക്ക് പത്ത് വർഷത്തേക്കെങ്കിലും യോഗ്യതാമാനദണ്ഡം ഉയർത്തുന്നതിൽനിന്നും ഇളവ് അനുവദിക്കണമെന്നുമുള്ള ആവശ്യങ്ങളാണ് പ്രസ്തുത സന്ദർശന യോഗങ്ങളിൽ ലഭിച്ച നിവേദനങ്ങളിലും അഭിപ്രായങ്ങളിലും പ്രധാനമായും ഉന്നയിക്കപ്പെട്ടിരുന്നത്.

സമിതി പ്രസ്തുത നിവേദനങ്ങൾ പരിഗണിക്കുകയും അനന്തരനടപടികൾക്കും റിപ്പോർട്ടിനുമായി സർക്കാരിലേക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. വിദ്യാഭ്യാസ നിലവാരത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളം

അഭിമാനാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ഈ നേട്ടം ഇന്നും ഒരു വിഭാഗത്തിന്റെ കൈകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ജനസംഖ്യയിൽ അറുപത് ശതമാനത്തിലധികം വരുന്ന പിന്നോക്ക സമുദായങ്ങൾ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഇന്നും പിന്നോക്കാവസ്ഥയിൽ തന്നെയാണ്. ഭൂരിഭാഗം പിന്നോക്ക വിഭാഗക്കാർക്കും ശരിയായ വിദ്യാഭ്യാസ സൗകര്യങ്ങളോ മാന്യമായ തൊഴിൽ അവസരങ്ങളോ ഇപ്പോഴും ലഭ്യമായിട്ടില്ല. സമിതിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ഹർജികളിൽ ഭൂരിഭാഗവും പിന്നോക്ക സമുദായങ്ങളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായുള്ള പിന്നോക്കാവസ്ഥ തുറന്നുകാട്ടുന്നവയുമാണ്.

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കംനിൽക്കുന്ന തീരദേശ ത്തേയും മലയോര മേഖലകളിലേയും വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസ ത്തിനുശേഷം കിലോമീറ്ററുകളോളം നടന്നു ഉപരിപഠനം നടത്തേണ്ട ബുദ്ധിമുട്ടേറിയ സാഹചര്യമുള്ളതുകൊണ്ടും സാമ്പത്തിക പരാധീനതകൊണ്ടും പഠനം തുടരാനാകാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന വസ്തുത ഈ റിപ്പോർട്ടിന് ആധാരമായ വിഷയത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

കേരളത്തിന്റെ വടക്കൻ ജില്ലകളിലും മലയോര തീരദേശ മേഖലയിലുമുള്ള വലിയൊരു ശതമാനം ജനവിഭാഗങ്ങൾക്കും മതിയായ ഹയർ സെക്കൻഡറി സീറ്റുകളുടെ അഭാവംമൂലം ഓപ്പൺ സ്കൂളുകളെ ആശ്രയിക്കേണ്ട സാഹചര്യം നിലനില്ക്കുന്നുണ്ട്. ഓപ്പൺ സ്കൂളുകളിലെ ഭാരിച്ച ഫീസും ഘടനയിലെ സങ്കീർണ്ണതയും വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. സർക്കാർ സ്കൂളുകളിലെ പ്ലസ് ടു സീറ്റുകളുടെ അപര്യാപ്തതയും എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു പ്രവേശനത്തിന് പിന്നോക്ക സമുദായങ്ങൾക്ക് സംവരണം ഉറപ്പുവരുത്താത്ത സാഹചര്യവും പിന്നോക്ക വിഭാഗങ്ങളുടെ ഉപരിപഠനത്തെ ബാധിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. എസ്.എസ്.എൽ.സി.-ക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രം പ്ലസ് ടു പ്രവേശനം നടത്തുന്ന സ്കൂളുകളിൽ പ്രവേശനം ലഭിക്കാതെ പുറത്തുപോകേണ്ടിവരുന്നത് പിന്നോക്ക സമുദായത്തിൽപ്പെടുന്നവരാണ് എന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

പിന്നോക്ക മേഖലകളിലെ വിദ്യാർത്ഥികളുടെയും സമൂഹത്തിന്റെയും വളർച്ചയെ മുൻനിർത്തി ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിക്കുന്നുണ്ടെങ്കിലും ആയതിന്റെ പ്രയോജനം ആ വിഭാഗക്കാർക്ക് ലഭ്യമാകാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഇതുമൂലം കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളിൽ ഏറിയപങ്കും പിന്നോക്ക സമുദായ ങ്ങളിൽപ്പെട്ടവരും തീരദേശ മലയോര മേഖലയിൽ നിന്നുള്ളവരുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഈ സാഹചര്യത്തിൽ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക കൾക്ക് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാനയോഗ്യത പ്ലസ് ടുവായി ഉയർത്തുന്നത് എസ്.എസ്.എൽ.സി.-ക്കുശേഷം തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഉപരിപഠനത്തിനുള്ള അവസരം നിഷേധിക്കപ്പെട്ട ഒരു വിഭാഗത്തിന് സർക്കാർ സർവ്വീസിലെ ക്ലറിക്കൽ/ ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം പൂർണ്ണമായും നിഷേധിക്കുന്നതിനാണ് വഴിയൊരുക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു.

ഹയർ സെക്കൻഡറി സീറ്റുകൾ ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പിന്നോക്ക പ്രദേശങ്ങളിൽ അനുവദിക്കുന്ന സ്കൂളുകളിൽ ഹയർ സെക്കൻഡറി കോഴ്സുകൾക്ക് പ്രവേശനത്തിന് ആ പ്രദേശത്തെ വിദ്യാർത്ഥി കൾക്ക് മുൻഗണന നല്കിക്കൊണ്ടും എല്ലാ വിഭാഗങ്ങൾക്കും ഹയർ സെക്കൻഡറി പഠനത്തിനുള്ള അവസരമൊരുക്കിയതിനുശേഷം മാത്രമേ എസ്.എസ്.എൽ.സി. അടിസ്ഥാന യോഗ്യതയുള്ള തസ്തികകളുടെ യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തുന്നത് സംബന്ധിച്ച ഉത്തരവ് പ്രാബല്യത്തിൽ വരുത്താവൂ എന്നും പ്ലസ് ടു പഠനത്തിനാവശ്യമായ സൗകര്യം ഉറപ്പുവരുത്താതെ യോഗ്യതാമാനദണ്ഡം ഉയർത്തിയ നടപടി നീതീകരിക്കത്തക്കതല്ലാ യെന്നും സമിതി വിലയിരുത്തുന്നു.

സർക്കാർ സർവ്വീസിലെയും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും നിരവധി തസ്തികകളിൽ നിലവിൽ പിന്നോക്ക സമുദായങ്ങളുടെ പ്രത്യേകിച്ചും മലയോര-തീരദേശമേഖലയിൽ അധിവസിക്കുന്നവരുടെ പ്രാതിനിധ്യക്കുറവ് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിയ നടപടി പല തസ്തിക കളിലും അപേക്ഷിക്കുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണത്തിൽ ഭീമമായ കുറവുണ്ടാകുന്നതിനു വഴിയൊരുക്കുമെന്ന് സമിതിക്ക് ആശങ്കയുണ്ട്. വിദ്യാഭ്യാസ പരമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പരിരക്ഷ നൽകേണ്ടത് ജനാധിപത്യ സർക്കാരുകളുടെ ഭരണഘടനാപരമായ കടമയാണ് എന്നതു മാത്രമല്ല സംസ്ഥാനത്തിന്റെ വികസനത്തിന് പ്രസ്തുത വിഭാഗങ്ങളുടെ ഉന്നതി അത്യന്താപേക്ഷിതവുമാണ്. വിദ്യാഭ്യാസരംഗത്തും തൊഴിൽരംഗത്തും എല്ലാ വിഭാഗങ്ങൾക്കും അവസരസമത്വം ഉറപ്പുവരുത്തിയാൽ മാത്രമേ മതിയായ പ്രാതിനിധ്യവും സാമൂഹ്യനീതിയും കൈവരിക്കാനാകുകയുള്ളൂ. നേരത്തെ അടിസ്ഥാനയോഗ്യത എസ്.എസ്.എൽ.സി. ആയിരിക്കുകയും എസ്.എസ്.എൽ.സി.-ക്കുശേഷം ടൈപ്പ്റൈറ്റിങ്, പോളിടെക്നിക്, ITC, ITI മേഖലയിൽ വിദ്യാഭ്യാസം നടത്തിയവരും വിവിധ തസ്തികയിൽ അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് പുതുക്കിയ യോഗ്യതാമാനദണ്ഡങ്ങൾ, സർക്കാർ സർവ്വീസിൽ ക്ലറിക്കൽ തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തിയിരിക്കുക യാണ്. ആയതിനാൽ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ യോഗ്യതാ മാനദണ്ഡങ്ങളിൽ കുറഞ്ഞത് 10 വർഷമെങ്കിലും ഇളവ് നൽകേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ITC, ITI കോഴ്സുകളെ പ്ലസ് ടുവിന് സമാനമായി പരിഗണിക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു.

നമ്മുടെ അയൽസംസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള ഇന്ത്യയിലെ വിവിധ സംസ്ഥാന ങ്ങളിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് അംഗീകൃത സർവ്വകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യതയെന്നിരിക്കെ പ്രസ്തുത തസ്തികയുടെ യോഗ്യത ഉയർത്തിയതിനുപിന്നിൽ പി.എസ്.സി.-യുടെ ജോലിഭാരം ലഘൂകരിക്കുക എന്ന ഉദ്ദേശ്യം മാത്രമാണ് ഉണ്ടായിരുന്നത് എന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്ത് മലയോര തീരദേശ മേഖലകൾ ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളിൽ കമ്പ്യൂട്ടർ ഡിപ്ലോമ (DCA) നേടുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളുടെ അപര്യാപ്തത, ഭീമമായ ഫീസ് നിരക്ക് തുടങ്ങിയവ അധികയോഗ്യത നേടുന്നതിന് തടസ്സംനിൽക്കുന്നു എന്ന് സമിതി വിലയിരുത്തുന്നു. യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തുമ്പോൾ പ്രസ്തുത

യോഗ്യത നേടുന്നതിനുള്ള അടിസ്ഥാനസൗകര്യം സംസ്ഥാനത്തെ വിവിധ മേഖലകളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ഉണ്ടെന്നുള്ളത് ഉറപ്പുവരുത്തേണ്ടതുണ്ടെന്നും, അപ്രകാരം ഉറപ്പുവരുത്താതെ യോഗ്യത ഉയർത്തിയത് പ്രസ്തുത വിഭാഗത്തോട് ചെയ്യുന്ന നീതിനിഷേധമാണെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന മാർക്ക് നിബന്ധനയും കമ്പ്യൂട്ടർപരിജ്ഞാനവുമടക്കമുള്ള അധികയോഗ്യത നടപ്പിൽ വരുത്തുന്നത് പുനഃപരിശോധിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിയതു സംബന്ധിച്ച് സമിതിക്കു ലഭ്യമായ ഹർജികളിൻമേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽനിന്നും ലഭിച്ച മറുപടി താഴെപ്പറയും പ്രകാരമാണ്:

''കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശ പ്രകാരമാണ് വിവിധ തസ്തികകളുടെ അടിസ്ഥാനയോഗ്യതകളിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ നിലവാരം പരിഗണിച്ചും സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി തസ്തികകളുടെ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഏതെങ്കിലും തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തിയതുകൊണ്ട് ഏതെങ്കിലും സമുദായത്തിന് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ഇല്ലാതാകുമെന്നോ ഏതെങ്കിലും സമുദായത്തെ മാത്രം ദോഷകരമായി ബാധിക്കുമെന്നോ കരുതാനാകില്ല. കൂടാതെ ഒരു സമുദായത്തിന് അർഹതപ്പെട്ട സംവരണ ആനുകൂല്യം ആ സമുദായത്തിന് തന്നെ ലഭിക്കത്തക്കരീതിയിൽ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കെ. എസ്. & എസ്.എസ്.ആർ.-ലെ സംവരണ ചട്ടങ്ങളിൽ ഭേദഗതിയും വരുത്തിയിട്ടുണ്ട്. അതായത് ഒരു നിശ്ചിത സമുദായത്തിന് നീക്കിവച്ച ഒഴിവിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം, (എൻ.സി.എ.) ആ ഒഴിവ്, ആ സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി വിജ്ഞാപനം ചെയ്യേണ്ടതും, ലഭ്യമായ യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്നും ഒഴിവ് നികത്തേണ്ടതുമാണ്. മേൽ സാഹചര്യത്തിൽ, യോഗ്യതാ പരിഷ്കരണവുമായി ബന്ധപ്പെട്ട നിവേദനത്തിലെ ആശങ്ക അടിസ്ഥാനമില്ലാത്തതാണെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.''

പ്രസ്തുത മറുപടിയിൽ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പി.എസ്.സി.-യുടെ നിർദ്ദേശപ്രകാരമാണ് യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിയത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത മറുപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത തസ്തികകളുടെ മത്സര പരീക്ഷകളിൽ മാറ്റം വരുത്തുന്നതിനുപകരം യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തി ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള അവസരം നിഷേധിക്കുന്നത് ഉദ്യോഗാർത്ഥികളോട് കാണിക്കുന്ന കടുത്ത അനീതിയാണെന്ന് സമിതി വിലയിരുത്തുന്നു.

പ്രസ്തുത വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, പിന്നോക്ക സമുദായ വികസനം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതിന് തീരുമാനിക്കുകയും 28-2-2013, 15-3-2013 എന്നീ തീയതികളിൽ തെളിവെടുക്കുകയുമുണ്ടായി.

പ്രസ്തുത തെളിവെടുപ്പുയോഗത്തിൽ വിവിധ തസ്തികകൾക്കുള്ള അടിസ്ഥാന യോഗ്യത ഉയർത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരായുകയുണ്ടായി.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശ പ്രകാരമാണ് വിവിധ തസ്തികകളുടെ അടിസ്ഥാനയോഗ്യതകളിൽ ഭേദഗതിവരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ നിലവാരം പരിഗണിച്ചും സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി തസ്തികകളുടെ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് പി.എസ്.സി. പഠനം നടത്തിയിട്ടുണ്ടോ എന്നും എസ്.എസ്.എൽ.സി. പാസാകുന്ന എല്ലാവർക്കും ഉപരിപഠനത്തിനുള്ള അവസരം ഒരുക്കുന്നതിന് സർക്കാരിനു സാധിച്ചിട്ടുണ്ടോ എന്നതു പരിശോധിച്ചിട്ടുണ്ടോയെന്നും, യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തുന്നതിനുമുൻപ് പിന്നോക്ക സമുദായങ്ങളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്ന നിയമസഭാ സമിതി ഉൾപ്പെടെയുള്ള വിവിധ സമിതികളുടെയോ കമ്മീഷനുകളുടെയോ അഭിപ്രായം തേടിയിട്ടുണ്ടോ എന്നും സമിതി ആരായുകയുണ്ടായി.

പി.എസ്.സി. ഇത് സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടുള്ളതായി അറിവില്ലെന്നും പി.എസ്.സി.-യുടെ ശിപാർശയെ മാത്രം അടിസ്ഥാനമാക്കിയാണ് സർക്കാർ, ഉത്തരവിറക്കിയിട്ടുള്ളതെന്നും ഇത് സംബന്ധിച്ച്, പിന്നോക്കക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന ആരുമായും ചർച്ചനടത്തുകയോ അഭിപ്രായം ആരായുകയോ ചെയ്തിട്ടില്ലെന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിയതിനുശേഷം പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെയുള്ള തസ്തികകൾക്കുനടന്ന തെരഞ്ഞെടുപ്പുകളിൽ തീരദേശ മലയോര മേഖലയിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ എന്നും, പി.എസ്.സി. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതിനു ശേഷം പിന്നോക്ക/പട്ടികവിഭാഗ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽനിന്നും വിവിധ തസ്തികകളിലേക്ക് അപേക്ഷ ലഭിക്കുന്നതിലും പരീക്ഷയിൽ പങ്കെടുക്കുന്നതിലും കുറവ് സംഭവിച്ചിട്ടുണ്ടോ എന്നും, യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തുന്നതിനു മുൻപ് നടത്തിയ മത്സരപരീക്ഷയിൽ പങ്കെടുത്ത നിലവിലുണ്ടായിരുന്ന അടിസ്ഥാന യോഗ്യതയുള്ളവർ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായി മത്സരിച്ച് റാങ്കുലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ എന്നും സമിതി ആരായുകയുണ്ടായി.

വിവിധ തസ്തികകൾക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളെ തീരദേശ മലയോര മേഖലാടിസ്ഥാനത്തിൽ തരംതിരിച്ചുകൊണ്ടുള്ള കണക്കുകൾ അവരുടെ വിദ്യാഭ്യാസ യോഗ്യത, ജാതി, പി.എസ്.സി. അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിച്ചുതുടങ്ങിയതിനുശേഷമുള്ള കണക്കുകൾ, യോഗ്യതാ പരിഷ്കരണത്തിനുശേഷം ലഭിച്ച അപേക്ഷകളുടെ കണക്കുകൾ, മുൻ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ പി.എസ്.സി. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്ന് സമിതിക്കു നൽകിയ മറുപടിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി.

യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തുന്നതിനുമുൻപ് ഈ വിഷയം സംബന്ധിച്ച് വിശദമായി പഠനം നടത്തുകയോ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന വിവിധ സമിതികളുമായോ കമ്മീഷനുമായോ സംഘടനകളുമായോ ചർച്ച നടത്തുകയോ അവരുടെ അഭിപ്രായം ആരായുകയോ പി.എസ്.സി. ചെയ്തിട്ടില്ല. മുൻ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടവരുടെ യോഗ്യതകൾ സംബന്ധിച്ചോ, അപേക്ഷകൾ സംബന്ധിച്ചോ ഉള്ള പ്രാഥമിക വിവരങ്ങൾപോലും സൂക്ഷിക്കാതെയും പരിശോധിക്കാതെയും പി.എസ്.സി.-യുടെ ജോലിഭാരം കുറയ്ക്കുക എന്ന ഒറ്റ ഉദ്ദേശ്യത്തോടുകൂടി മാത്രം ഇറക്കിയതാണ് അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവ് എന്ന് സമിതി നിരീക്ഷിക്കുന്നു.

സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും നൂറ്റാണ്ടുകളായി അകറ്റിനിർത്തപ്പെട്ട, വിദ്യാഭ്യാസത്തിനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ടിരുന്ന തീരദേശമേഖലയിലും മലയോരമേഖലയിലും അധിവസിക്കുന്നവർ ഉൾപ്പെടെയുള്ള പിന്നോക്കവിഭാഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള ചുരുങ്ങിയ അവസരങ്ങൾപോലും ഇല്ലാതാക്കുന്നതിന് യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് കാരണമായേക്കുമെന്ന് സമിതി ആശങ്കപ്പെടുന്നു.

നിലവിൽ പിൻതുടർന്നുവരുന്ന ഒരു രീതി പരിഷ്കരിക്കുമ്പോഴോ അതിനു പകരം മറ്റൊരുരീതി അവലംബിക്കുമ്പോഴോ അത് സമൂഹത്തിൽ പൊതുവിലും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ചും, എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ച് വിശകലനം ചെയ്യുക എന്നത് ഒരു ജനാധിപത്യ ഭരണസംവിധാനത്തിൽ അത്യന്താപേക്ഷിതമാണ്. സ്ഥിതിവിവരക്കണക്കുകൾ, പ്രത്യേക പഠനങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവയുടെയെല്ലാം അടിസ്ഥാനത്തിലാണ് ഇത് സാധ്യമാകുന്നത്. എന്നാൽ യോഗ്യതാമാനദണ്ഡങ്ങൾ ഉയർത്തിയ നടപടി ഇപ്രകാരം ലഭ്യമായ ഏതെങ്കിലും സ്ഥിതിവിവരക്കണക്കിന്റെയോ, പഠനത്തിന്റെയോ അടിസ്ഥാനത്തിൽ അല്ലെന്ന് സമിതിക്ക് ബോധ്യമാവുകയും ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പറയുമ്പോഴും പി.എസ്.സി. ഇപ്രകാരം ഒരു ശിപാർശ എന്തടിസ്ഥാനത്തിലാണ് നൽകിയതെന്നും അത് എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇത്തരം ഒരു ശിപാർശ നടപ്പിലാക്കുന്നതിനുമുമ്പ് ഇത് സമൂഹത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ചും ഇത്തരം ശിപാർശകൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം അത്രത്തോളം വളർച്ച പ്രാപിച്ചുവോ എന്നും എല്ലാവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ സംസ്ഥാനത്ത് ലഭ്യമായിട്ടുണ്ടോ എന്നും പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടിയിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു.

പി.എസ്.സി. മുഖേന അപേക്ഷ സമർപ്പിക്കുന്നവരുടെ പ്രാദേശിക, സാമുദായിക, വിദ്യാഭ്യാസപരമായ സ്ഥിതിവിവരക്കണക്കുകളൊന്നും പി.എസ്.സി. സൂക്ഷിക്കുന്നില്ലായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചിരുന്നു. പി.എസ്.സി. ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയതായും അറിയിച്ചിട്ടില്ല. ഇക്കാര്യങ്ങളെല്ലാം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അറിവുണ്ടായിരിക്കെ സംസ്ഥാനത്തെ വിദ്യാഭ്യാസനിലവാരം ഉയർന്നിരിക്കുകയാണെന്നും ആയതിനാൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ മാത്രം മത്സര പരീക്ഷകളിൽ പങ്കെടുത്താൽ മതിയെന്നുമുള്ള പി.എസ്.സി.-യുടെ ഒരു തീരുമാനം അതേപടി അംഗീകരിച്ച നടപടി അസ്വീകാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

പല സാഹചര്യങ്ങൾകൊണ്ടും ഒരു വ്യക്തിക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകാതെ വരാം. ഒരാൾ ജനിച്ചുവളർന്ന സ്ഥലം, സമൂഹം, അയാളുടെ ഭൗതിക സാമ്പത്തിക സാഹചര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവം എന്നിവയെല്ലാം ഇതിന് കാരണമായേക്കാം. ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾമാത്രം ഒരാളിന്റെ കഴിവിന്റെ അളവുകോലായി എടുക്കാനാവില്ല. ഉയർന്ന അക്കാദമിക് യോഗ്യതയുള്ള പലരും മത്സരപരീക്ഷകളിൽ പിന്തള്ളിപ്പോകാറുണ്ട്. കൂടാതെ അക്കാദമിക് യോഗ്യതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളല്ല സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്ലറിക്കൽ ജോലികൾ. ആയതിനാൽ ക്ലറിക്കൽ ജോലികളുടെ കാര്യക്ഷമത അളക്കുന്ന തരത്തിലും പ്രസ്തുത ജോലിക്ക് ഉതകുന്നതരത്തിലും മത്സരപരീക്ഷകൾ പുനഃക്രമീകരിക്കുകയാണ് അഭികാമ്യമെന്നും അല്ലാതെ കാര്യക്ഷമത ഉയർത്തുന്നതിനായി യോഗ്യത ഉയർത്തി, മത്സരിക്കാനുള്ള അവസരംപോലും നിഷേധിക്കുന്നതരത്തിലുള്ള രീതികൾ അവലംബിക്കുന്നത് ശരിയായ നടപടിയല്ലായെന്നും സമിതി അഭിപ്രായപ്പെടുന്നു.

നിരവധിതവണ പി.എസ്.സി.യുടെ മത്സരപ്പരീക്ഷകളിൽ പങ്കെടുത്തശേഷമാണ് ഭൂരിഭാഗംപേർക്കും ഏതെങ്കിലും തസ്തികയിൽ നിയമനംതന്നെ ലഭിക്കുന്നത്. വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുമെങ്കിലും നിയമനത്തിനുള്ള കാലതാമസം, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുക, ഒഴിവുകളുടെ അഭാവം എന്നിവമൂലം ഇവരിൽ ഭൂരിഭാഗംപേർക്കും നിയമനം ലഭിക്കാതെ പോകുന്നുണ്ട്. ഇപ്രകാരം പി.എസ്.സി. പരീക്ഷയിൽ പങ്കെടുത്തുവരുന്ന പ്രത്യേകിച്ചും വിദ്യാഭ്യാസപരമായി ഇപ്പോഴും പിന്നോക്കാവസ്ഥയിലുള്ള പിന്നോക്ക വിഭാഗങ്ങളെ പെട്ടെന്നുള്ള മാനദണ്ഡം ഉയർത്തൽ നടപടി വളരെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി സമിതിക്ക് ലഭിച്ച പരാതികളിൽനിന്നും ബോധ്യമായിട്ടുണ്ട്. പലരും അവരവരുടെ നിലയ്ക്കുള്ള വിദ്യാഭ്യാസം പൂർത്തിയാക്കിയവരും എന്നാൽ പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരുമാണ്. ഇവർക്ക് പുതിയരീതിയിലുള്ള അധിക വിദ്യാഭ്യാസ യോഗ്യതകൾ നേടുന്നതിനുള്ള അവസരവും, ഇനി പി.എസ്.സി.-ക്ക് അപേക്ഷ അയയ്ക്കുന്നതിനുള്ള അവസരവും നഷ്ടമായിരിക്കുകയാണ്. പ്ലസ് ടു വ്യാപകമാകാത്ത കാലങ്ങളിൽ വിദ്യാഭ്യാസം പൂർത്തീകരിച്ചവരും എന്നാൽ പി.എസ്.സി. നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരുമായ ധാരാളംപേർ നിലവിലുള്ളപ്പോൾ ഇപ്രകാരം പ്രായപരിധിയിലോ സമയപരിധിയിലോ ഒരു ഇളവും അനുവദിക്കാതെ ഉത്തരവിറക്കിയ നടപടി ശരിയായില്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ മേഖലയിൽ തൊഴിൽ നേടുകയെന്നത് സംസ്ഥാനത്തെ ഭൂരിഭാഗം യുവതീയുവാക്കളുടേയും ഏറ്റവുംവലിയ സ്വപ്നമാണ്. ആയതിനുവേണ്ടി കഠിന പ്രയത്നം ചെയ്യുന്നവരാണ് ഭൂരിപക്ഷംപേരും. സംസ്ഥാനത്ത് സർക്കാർ മേഖലയിലെ തൊഴിൽ സാധ്യതകൾ വളരെ പരിമിതമായതിനാൽ ലഭ്യമാകുന്ന എല്ലാ സാധ്യതകളും ഉപയോഗിക്കുന്നതിന് യുവജനങ്ങൾ ബദ്ധശ്രദ്ധരുമാണ്. പലപ്പോഴും പഠന കാലയളവിൽ ജീവിത പ്രാരാബ്ധങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും ഭാവിയെക്കുറിച്ചുള്ള ബോധ മില്ലായ്മയും കാരണം പലരുടേയും അക്കാദമിക് നേട്ടങ്ങൾ മികവുറ്റതല്ലാതായിതീരാറുണ്ട്. എന്നാൽ ഇവരിൽ പലരും പിൽകാലത്ത് അവരുടെ തൊഴിൽ മേഖലകളിലുൾപ്പെടെ പല മേഖലകളിലും തങ്ങളുടെ കഴിവുകൾ തെളിയിക്കുകയും വലിയ നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്രീ ഡിഗ്രി പരീക്ഷകൾ ആദ്യതവണ പരാജയപ്പെട്ടിട്ടും പിന്നീട് ഇന്ത്യൻ സിവിൽ സർവ്വീസ് നേടിയവർ നമ്മുടെ സംസ്ഥാന സർവ്വീസിൽ തന്നെയുണ്ട്. ആയതിനാൽ പരിമിതമായ അവസരങ്ങൾ മാത്രമുള്ള സർക്കാർ തൊഴിൽ മേഖലയിലേക്ക് സമൂഹത്തിന്റെ സമസ്ത മേഖലയിൽ നിന്നുമുള്ള കഴിവുള്ളവർ കടന്നുവരുന്നതിനായി ലഭ്യമായിട്ടുള്ള എല്ലാ മത്സരപരീക്ഷകളിലും പങ്കെടുക്കുന്നതിന് അവർക്ക് അവസരം നൽകുകയാണ് വേണ്ടതെന്നും സാമാന്യ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളും അവരുടെ സാമൂഹിക ചുറ്റുപാടുകളും ഒന്നും പരിഗണിക്കാതെ വിദ്യാഭ്യാസ യോഗ്യതകളുടേയും ലഭിച്ച മാർക്കിന്റെയും അടിസ്ഥാനത്തിൽ, ലഭ്യമാകുന്ന പരിമിതമായ അവസരങ്ങൾപോലും നിഷേധിക്കുന്നത് ശരിയായ നടപടിയല്ലായെന്നും സമിതി അഭിപ്രായപ്പെടുന്നു.

ആധുനിക സാങ്കേതിക വിദ്യകൾക്കനുസൃതമായി പി.എസ്.സി. പരീക്ഷാ സംവിധാനത്തിൽ മാറ്റം വരുത്തുന്നതിനോട് സമിതിക്ക് എതിർപ്പില്ല. ആധുനിക സാങ്കേതികവിദ്യകൾ സമൂഹത്തിന്റെ പുരോഗതിക്കാണ് വഴിയൊരുക്കേണ്ടത്. നൂതന സാങ്കേതിക വിദ്യകൾക്കൊപ്പം നീങ്ങുന്ന ഒരു വിഭാഗം യുവജനങ്ങൾ നമ്മുടെ സമൂഹത്തിൽ ഉള്ളതുപോലെതന്നെ, ഭൗതിക സാമ്പത്തിക സാഹചര്യങ്ങളുടെ അഭാവംമൂലം പാർശ്വവത്ക്കരിക്കപ്പെട്ടിട്ടുള്ള വലിയൊരു ജനവിഭാഗവുമുണ്ടെന്നുള്ളത്, ഓരോ പരിഷ്ക്കാരം നടത്തുമ്പോഴും അതുമായി ബന്ധപ്പെട്ടവർ കണക്കിലെടുക്കേണ്ടതുണ്ട്. ഒരു പരിഷ്ക്കാരം നടപ്പിൽ വരുത്തുമ്പോൾ അത് സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും എങ്കിൽ അതിനുള്ള പരിഹാരം കാണേണ്ടതും ഒരു ജനാധിപത്യ സർക്കാരിന്റെ കടമയാണ്.

ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനു മുമ്പും അതിനുശേഷവും അപേക്ഷ സമർപ്പിക്കുന്നവരുടെ പ്രദേശം, സമുദായം, എണ്ണം എന്നിവ സംബന്ധിച്ചുള്ള കണക്കുകളും ഇപ്രകാരം ലഭ്യമായ അപേക്ഷകളും, പരീക്ഷയ്ക്ക് ഹാജരായവരുടെ എണ്ണവും തമ്മിലുള്ള അന്തരം സംബന്ധിച്ചുള്ള കണക്കുകളും പി.എസ്.സി.യുടെ പക്കലില്ലെന്നും പ്രസ്തുത പരിഷ്ക്കാരം ഉദ്യോഗാർത്ഥികളെ എപ്രകാരം ബാധിച്ചു എന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനോ ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരായുന്നതിനോ ഉള്ള ഒരു നടപടിയും പി.എസ്.സി.-യുടെ ഭാഗത്തുനിന്നും ഉണ്ടായി ട്ടില്ലെന്നും തെളിവെടുപ്പിന് ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചിട്ടുണ്ട്.

ഒരു തസ്തകയിലേക്കുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ മതിയായ അപേക്ഷകൾ ലഭിക്കുന്നതിനാൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിൽ അപാകതകൾ ഇല്ലായെന്ന് പി.എസ്.സി.ക്ക് വാദിക്കാമെങ്കിലും യാഥാർത്ഥ്യം മറ്റൊന്നാണെന്ന് സമിതി കരുതുന്നു. മതിയായ ഇന്റർനെറ്റ് സംവിധാനം ലഭ്യമല്ലാത്തതു കാരണം വലിയ ഒരു വിഭാഗം ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകിച്ച് പിന്നോക്ക/പട്ടിക വിഭാഗം ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി.-യുടെ സേവനം ലഭ്യമാകുന്നില്ലെന്നത് വസ്തുതയാണ്. ആയതിനാൽ പി.എസ്.സി. മത്സരപരീക്ഷകൾക്കുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിച്ചു തുടങ്ങിയത് മലയോര തീരദേശമേഖലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തുകയുണ്ടായി. കമ്പ്യൂട്ടർ സ്ഥാപനങ്ങളിലേക്ക് കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ട സാഹചര്യം സംസ്ഥാനത്തിന്റെ പിന്നോക്ക മേഖലകളിൽ നിലനില്ക്കുന്നുണ്ട്. കമ്പ്യൂട്ടർ ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനുള്ള പരിശീലനത്തിന്റെ അഭാവംമൂലം അപേക്ഷകൾ അയയ്ക്കുമ്പോൾ പിശകുകൾ കടന്നുവരുന്നതിനുള്ള സാദ്ധ്യതകളും ഏറെയാണ്. പരീക്ഷ എഴുതുന്നതിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് വിലക്ക് ലഭിക്കുന്നതിനുപോലും ഈ പിശകുകൾ കാരണമായേക്കാം. ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചപ്പോൾ വന്ന പിശകുകാരണം അർഹതപ്പെട്ട സംവരണാനുകൂല്യം നിഷേധിക്കപ്പെട്ടത് സംബന്ധിച്ചുള്ള നിവേദനങ്ങൾ സമിതിയുടെ പരിഗണനയിലുണ്ട്. ആയതിനാൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു.

ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മാത്രമല്ല മത്സരപരീക്ഷകൾക്കുള്ള ഹാൾടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും കിലോമീറ്ററുകൾക്കപ്പുറമുള്ള കമ്പ്യൂട്ടർ സെന്ററുകളെ ആശ്രയിക്കേണ്ട സാഹചര്യമാണ് പിന്നോക്കമേഖലയിലെ ഉദ്യോഗാർത്ഥികൾക്കുള്ളത്. പരീക്ഷാ തീയതിയും ഹാൾടിക്കറ്റ് പി.എസ്.സി. വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സംബന്ധിച്ചുള്ള അവ്യക്തതമൂലം പലപ്രാവശ്യം കമ്പ്യൂട്ടർ സെന്ററുകളെ സമീപിക്കേണ്ട അവസ്ഥയും ഉദ്യോഗാർത്ഥികൾക്കുണ്ട്.

ആയതിനാൽ പിന്നോക്ക മേഖലകളിൽ അധിവസിക്കുന്നവർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതുവരെ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ തപാൽമാർഗ്ഗം അപേക്ഷിക്കുന്നതിനുള്ള സംവിധാനം കൂടി ഓൺലൈൻ സംവിധാനത്തോടൊപ്പം ഏർപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനോ ഹാൾടിക്കറ്റുകൾ 'ഡൗൺലോഡ്' ചെയ്യുന്നതിനോ ഉള്ള അടിസ്ഥാനസൗകര്യങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാണോ എന്ന കാര്യം പോലും ഉറപ്പുവരുത്തിയിട്ടില്ല എന്ന വസ്തുത നിലനില്ക്കുമ്പോൾ പി.എസ്.സി. ഓൺലൈൻ മുഖേന പരീക്ഷ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകളും നടത്തിവരുന്നു. മത്സരപരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനുമുൻപ് ഇത് സംബന്ധിച്ചുള്ള അവബോധം എല്ലാ വിഭാഗം ജനങ്ങൾക്കും നല്കണമെന്നും സർക്കാർ ജോലി സ്വപ്നം കാണുന്ന, അതിനുവേണ്ടി കഠിന പരിശ്രമം ചെയ്യുന്ന എല്ലാ വിഭാഗങ്ങൾക്കും പരിഷ്കരിച്ച രീതിയിലുള്ള പരീക്ഷകൾക്ക് ഹാജരാകുന്നതിനുള്ള അവസരം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ആവശ്യപ്പെടുന്നു.

10

## സമിതി ശിപാർശകൾ

1. ഭൗതിക-സാമ്പത്തിക സാഹചര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത, എസ്.എസ്.എൽ.സി. വിജയശതമാനത്തിനനുസൃതമായി ഹയർ സെക്കന്ററി സീറ്റുകളിലുണ്ടാകാത്ത വർദ്ധനവ് എന്നിവമൂലം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ചും മലയോര തീരദേശ മേഖലയിൽ അധിവസിക്കുന്ന വലിയൊരു ശതമാനം യുവജനങ്ങൾക്ക് എസ്.എസ്.എൽ.സി.ക്ക് ശേഷം ഉപരിപഠനം തുടരാനാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഉപരിപഠനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താതെ എൽ.ഡി. ക്ലാർക്ക്, പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെയുള്ള തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യത ഉയർത്തിയ നടപടി നീതികരിക്കത്തക്കതല്ലെന്നും ആയതിനാൽ പ്രസ്തുത നടപടി പുനഃപരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. ഹയർ സെക്കന്ററി വ്യാപകമാകാത്ത 1996-1998 കാലയളവിൽ പ്രീ-ഡിഗ്രി സീറ്റുകളുടെ അപര്യാപ്തതകാരണവും പല തസ്തികകളുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. ആയിരുന്നതിനാലും എസ്.എസ്.എൽ.സി.-ക്കുശേഷം ടൈപ്പ്റൈറ്റിംഗ്, പോളിടെക്നിക്ക്, ഐ.ടി.സി., ഐ.റ്റി.ഐ. മേഖലയിൽ വിദ്യഭ്യാസം നടത്തിയ വലിയൊരു വിഭാഗത്തിന് നിലവിൽ പി.എസ്.സി. മുഖേനയുള്ള നിയമനത്തിനായി അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എസ്.എസ്.എൽ.സി.ക്കുശേഷം ടൈപ്പ്റൈറ്റിംഗ്, പോളിടെക്നിക്ക്, ഐ.ടി.സി., ഐ.റ്റി.ഐ. മേഖലയിൽ വിദ്യാഭ്യാസം നടത്തിയവരും വിവിധ തസ്തികകളിൽ അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുമെന്നതിനാൽ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ 10 വർഷത്തേക്കെങ്കിലും ഇളവ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. എസ്.എസ്.എൽ.സി.-ക്കുശേഷം ഐ.ടി.സി., ഐ.ടി.ഐ., പോളിടെക്നിക്ക് കോഴ്സുകളിൽ വിദ്യാഭ്യാസം നേടിയവർക്ക് പുതുക്കിയ യോഗ്യതാ മാനദണ്ഡ പ്രകാരം ക്ലറിക്കൽ തസ്തികകളിൽ അപേക്ഷിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനാൽ ഐ.ടി.സി., ഐ.ടി.ഐ., പോളിടെക്നിക് കോഴ്സുകൾ പാസ്സായവരെ കൂടി ക്ലറിക്കൽ തസ്തികയിൽ അപേക്ഷിക്കുന്നതിന് പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. വിവിധ തസ്തികകളിലെ യോഗ്യതാ മാനദണ്ഡങ്ങൾ ഉയർത്തുന്നതിന് മുൻപ് ഇത് സംബന്ധിച്ചുള്ള പഠനം നടത്തുവാനോ പിന്നോക്ക സമുദായങ്ങളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന നിയമസഭാ സമിതി ഉൾപ്പെടെയുള്ള വിവിധ സമിതികളുടെയോ കമ്മീഷന്റെയോ സംഘടനകളുടെയോ അഭിപ്രായം ആരായുന്നതിനോ ചർച്ച ചെയ്യുന്നതിനോ ഉള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല

എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ വലിയൊരു വിഭാഗത്തെ ബാധിക്കുന്ന രീതിയിൽ ഒരു പരിഷ്ക്കാരം നടത്തുമ്പോൾ വരുംകാലങ്ങളിലെങ്കിലും വിശദമായ പഠനം നടത്തുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും അഭിപ്രായം ആരായുകയും ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. നമ്മുടെ അയൽ സംസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലുള്ള സമാന തസ്തികകൾക്ക് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത ബിരുദമാണെന്നുള്ളതും, അംഗീകൃത കമ്പ്യൂട്ടർ ഡിപ്ലോമ (ഡി.സി.എ.) നേടുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളുടെ അപര്യാപ്തതയും സാമ്പത്തിക ബാദ്ധ്യതയും കണക്കിലെടുത്ത് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് മാർക്ക് നിബന്ധനയും കമ്പ്യൂട്ടർ പരിജ്ഞാനവും അടക്കമുള്ള അധികയോഗ്യത നിഷ്കർഷിച്ചു കൊണ്ടുള്ള സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനമടക്കമുള്ള പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. പി.എസ്.സി. മത്സരപരീക്ഷകൾക്ക് ഓൺലൈൻ മുഖേന അപേക്ഷ നല്കുന്നതിനും, പി.എസ്.സി. വെബ്സൈറ്റിൽ നിന്നും ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ പിന്നോക്ക മേഖലകളിൽ പ്രത്യേകിച്ചും മലയോര തീരദേശമേഖലകളിൽ ഉറപ്പുവരുത്തി യിട്ടില്ലായെന്നത് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് ഒരു വിഭാഗത്തിന് പല മത്സര പരീക്ഷകളിലും പങ്കെടുക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുന്നതിനാൽ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതുവരെ മുൻകാലങ്ങളിൽ ചെയ്തുവന്നതു പോലെ തപാൽമാർഗ്ഗം അപേക്ഷ സ്വീകരിക്കുന്നതിനും ഹാൾടിക്കറ്റ് അയയ്ക്കുന്നതിനു മുള്ള സംവിധാനം തുടരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. മത്സരപരീക്ഷകൾ ഓൺലൈൻ മുഖേന നടത്താൻ പി.എസ്.സി. തയ്യാറാകുന്ന സാഹചര്യത്തിൽ പിന്നോക്ക മേഖലയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇത് സംബന്ധിച്ചുള്ള അവബോധവും പരിശീലനവും നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിനുശേഷം മാത്രമേ മത്സരപരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനുള്ള തീരുമാനം നടപ്പിൽ വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളു എന്നും സമിതി ശിപാർശ ചെയ്യുന്നു.

സി. മമ്മൂട്ടി,
*ചെയർമാൻ,*
*പിന്നോക്കസമുദായ ക്ഷേമസമിതി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 3.

അനുബന്ധം

GOVERNMENT OF KERALA

**Abstract**

PUBLIC SERVICES—QUALIFICATION FOR THE POST OF LAST GRADE SERVANTS, LOWER DIVISION CLERK, LOWER DIVISION TYPIST, TYPIST GRADE II, CONFIDENTIAL ASSISTANT GRADE II/STENO TYPIST, TYPIST-CLERK, CLERK-TYPIST AND ASSISTANT (GOVERNMENT SECRETARIAT, KERALA PUBLIC SERVICE COMMISSION, LOCAL FUND AUDIT DEPARTMENT ETC.) MODIFIED—ORDERS ISSUED

PERSONNEL AND ADMINISTRATIVE REFORMS (RULES) DEPARTMENT

G.O. (Ms.) No. 21/2011/P&ARD. *Dated, Thiruvananthapuram, 1st July, 2011.*

*Read:*— 1. G.O. (P) No. 17/2005/P&ARD dated 9-5-2005.

2. G.O. (P) No. 11/2008/P&ARD dated 20-12-2008.

3. Letter No. AV(1) 11728/2003/GW dated 18-10-2008 and 31-1-2011 from the Secretary, Kerala Public Service Commission.

ORDER

Government in consultation with Kerala Public Service Commission, are pleased to modify the qualifications for the posts of Last Grade Servants (Various Departments), Lower Division Clerk (Various Departments), Lower Division Typist (Various Departments), Typist Grade II in Secretariat, Kerala Public Service Commission, etc., Confidential Assistant Grade II/Steno-Typist (All Departments), Typist-Clerk (Various Departments), Clerk-Typist (Various Departments) and Assistant in Government Secretariat, Kerala Public Service Commission, Local Fund Audit Department etc. as follows:

| *Name of Post* | | *Qualifications* |
|---|---|---|
| (1) | | (2) |
| 1. Last Grade Servants (Various Departments) | : | Should have passed Std. VII and Should not have acquired any Degree. |
| 2. Lower Division Clerk (Various Departments) | : | Pass in Plus 2 or its equivalent. |

| (1) | | (2) |
|---|---|---|
| 3. Lower Division Typist (Various Departments) | : | 1. Pass in Plus 2 or its equivalent.<br>2. Lower Grade Certificate in Typewriting Malayalam (KGTE) or its equivalent.<br>3. Lower Grade Certificate in Typewriting English (KGTE) and Computer Word Processing or its equivalent.<br>*Note:*— Those who have passed the KGTE Typewriting before January, 2002, should produce separate certificate in "Computer Word Processing or its equivalent". |
| 4. Typist Grade-II in Secretariat/ Kerala Public Service Commission etc. | : | 1. Pass in Plus 2 or its equivalent.<br>2. Higher Grade Certificate in Typewriting English (KGTE) and Computer Word Processing or its equivalent.<br>*Note:*— Those who have passed the KGTE Typewriting before January, 2002, should produce separate certificate in "Computer Word Processing or its equivalent".<br>3. Lower Grade Certificate in Typewriting Malayalam (KGTE) or its equivalent. |
| 5. Confidential Assistant Grade-II/ Steno Typist (All Departments) | : | 1. Pass in Plus 2 or its equivalent.<br>2. Lower Grade Certificate in Typewriting English (KGTE) and Computer Word Processing or its equivalent.<br>*Note:*— Those who have passed the KGTE Typewriting before January, 2002, should produce separate certificate in "Computer Word Processing or its equivalent".<br>3. Lower Grade Certificate in Typewriting Malayalam (KGTE) or its equivalent.<br>4. Lower Grade Certificate in Shorthand English (KGTE) or its equivalent.<br>5. Lower Grade Certificate in Shorthand Malayalam (KGTE) or its equivalent. |

| (1) | (2) |
|---|---|
| 6. Typist-Clerk (Various Departments) : | 1. Pass in Plus 2 or its equivalent.<br>2. Lower Grade Certificate in Typewriting English (KGTE) and Computer Word Processing or its equivalent.<br>*Note:*— Those who have passed the KGTE Typewriting before January, 2002, should produce separate certificate in "Computer Word Processing or its equivalent".<br>3. Lower Grade Certificate in Typewriting Malayalam (KGTE) or its equivalent. |
| 7. Clerk-Typist (Various Departments) : | 1. Pass in Plus 2 or its equivalent.<br>2. Lower Grade Certificate in Typewriting English (KGTE) and Computer Word Processing or its equivalent.<br>*Note:*— Those who have passed the KGTE Typewriting before January, 2002, should produce separate certificate in "Computer Word Processing or its equivalent".<br>3. Lower Grade Certificate in Typewriting Malayalam (KGTE) or its equivalent. |
| 8. Assistant in Government Secretariat/Kerala Public Service Commission/Local Fund Audit Department etc. | 1. Graduation from a recognized University with 50% or above marks for Science Graduates and 45% or above marks for other Graduates.<br>2. Diploma in Computer Application obtained after a course of study with not less than six months duration or its equivalent recognized by Government.<br>*Note:*— For Applicants belonging to Scheduled Castes/Scheduled Tribes category there is no restriction of minimum marks. |

All existing orders on the above subject, shall stand modified to the above extent.

Amendment to relevant Special Rules shall be issued separately.

By order of the Governor,

T. J. MATHEW,
*Secretary to Government.*